എല്ലാ പി. എച്ച്. സി.-കളിലും ലബോറട്ടറി സംവിധാനം

14 (*73) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോ ;

(ബി) ലാബുകൾ ഇല്ലാത്ത എത്ര പി.എച്ച്.സി.-കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി.-കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ലഭ്യമല്ല

(ബി) ലാബുകൾ ഇല്ലാത്ത 631 പി. എച്ച്. സി.-കൾ നിലവിലുണ്ട്.

(സി) ദേശീയ ആരോഗ്യ ദൗത്യത്തിലെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമികാരോഗ്യ/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്, സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതുമാണ്.

ഹോംസ്റ്റേ, വില്ലാ പ്രോജക്ടുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും

15 (*74) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ഹോംസ്റ്റേ, വില്ലാ പ്രോജക്ടുൾക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly